പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 26.04.2017 ൽ മറുപടിയ്ക്ക്
നിയമസഭാ ചോദ്യം നമ്പർ: 477
ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീമതി.പി. അയിഷാ പോറ്റി | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ)ആഭ്യന്തര വിപണിക്ക് ഊന്നൽ നൽകികൊണ്ട് ആലപ്പുഴയിൽ കയർമേള സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | എ) ആലപ്പുഴയിൽ വച്ച് കയർകേരള 2017 രാജ്യാന്തര മേള സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടു ണ്ട്. സ.ഉ.(സാധാ) നം. 1353/16/ഐഡി, തീയതി 30/12/16 പ്രകാരം നടത്തിപ്പ് ചുമതല കയർ കോർപ്പറേഷനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ബി) ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്, MGNREGS പദ്ധതി പ്രകാരം പഞ്ചായത്തുകളിലെ കൃഷി, മണ്ണ്, ജല സംരക്ഷണ, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| സി)കയർ ഭൂവസ്ത്രങ്ങൾ റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) കയർ ഭൂവസ്ത്രങ്ങൾ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. ഈ പരിശ്രമം വിജയിച്ചാൽ കേരളത്തിലെ മുഴുവൻ കയർ തൊഴിലാളികൾക്കും 200 ദിവസത്തെ തൊഴിൽ ഉറപ്പുനൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം സാധ്യമാക്കുന്നതിന് മാതൃകാ പ്രോജക്ടുകൾ തദ്ദേശ ഭരണ **സ്ഥാപനങ്ങളിൽ ചെയ്തു നൽകുന്നതിനും** പരിശീലനത്തിനുമായി 3.778 കോടി രൂപ എൻ.സി.ആർ.എം.ഐ.യ്ക്ക് അനുവദിച്ചു നൽകി കഴിഞ്ഞു. |
| ഡി) ആലപ്പുഴയിൽ ഭൂവസ്ത്ര നിർമ്മാണം പരിശീലിപ്പിക്കുന്നതിന് കയർഫെഡിന്റെയും എൻ.സി.ആർ.എം.ഐ.യുടെയും ആഭിമുഖ്യത്തിൽ ഭൂവസ്ത്ര സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ? | ഡി)തൊഴിലുറപ്പ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിന് കയർഫെഡിന്റെയും എൻ.സി.ആർ.എം.ഐ.യുടെയും ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഒരു ഭൂവസ്ത്ര സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ